**പാഠപുസ്തകങ്ങൾ എന്തിനാണ് അച്ചടിച്ചിറക്കുന്നത്. അതിൽപ്പറയുന്ന കാര്യങ്ങൾ അതിലും ഭംഗിയായി പറഞ്ഞുതരാൻ പത്രമാസികകളുണ്ട്. ഇന്റർനെറ്റുണ്ട്. സി.ഡി. റോമുകളുമുണ്ട്. ഏപ്രിൽ മാസത്തിൽ അച്ചടിച്ച പുസ്തകത്തിലെ പുതുപുത്തൻ അറിവുകൾപോലും ജൂൺമാസത്തിൽ സ്കൂൾ തുറക്കുമ്പോഴേക്കും പഴഞ്ചനായിപ്പോയേക്കാം.**

# ബദൽ വിദ്യാഭ്യാസം
## പ്രസക്തി, പ്രയോഗം, പ്രതിസന്ധികൾ

ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും

*(കഴിഞ്ഞലക്കം തുടർച്ച)*


നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരെ മെരുക്കിയെടുക്കാനായി ന്യൂനപക്ഷത്തിൽ ന്യൂനപക്ഷമായ ഭരണക്കാരുപയോഗിക്കുന്നൊരു തട്ടിപ്പുസൂത്രവിദ്യയാണ് ഇന്നിവിടെ നിലനിൽക്കുന്ന വിദ്യാഭ്യാസം. ന്യൂനപക്ഷത്തിൽ ന്യൂനപക്ഷം വരുന്ന രാഷ്ട്രീയക്കാരായ ഭരണക്കാർക്കും അവരെ താങ്ങിനിർത്തുന്ന വൻ വ്യവസായികൾക്കും എന്നെന്നും സുഖമായിവിടെ ചൂഷണം ചെയ്തു ജീവിക്കണം. കമ്മ്യൂണിസം, സോഷ്യലിസം, വിപ്ലവം, സമരം, ജനാധിപത്യം എന്നൊക്കെപ്പറഞ്ഞ് അവർ വ്യാഖ്യാനിച്ചുതരുന്ന സൂത്രവാക്യങ്ങൾ കണ്ണടച്ചു വിശ്വസിക്കുന്ന പൊതുജനങ്ങൾ വേണം. അവർ കാട്ടിത്തരുന്ന കഷ്ടപ്പാടുകളുടെ വഴികളിലൂടെ സ്വർഗത്തിലെത്താമെന്നു വിശ്വസിക്കുന്ന കുറെ അയ്യോപാവങ്ങളെയും അവർക്കു വേണം. അത്തരത്തിലുള്ള അയ്യോപാവങ്ങളെ സൃഷ്ടിക്കാനുള്ള ഒരു പ്രവർത്തനപദ്ധതി മാത്രമാണിന്നത്തെ വിദ്യാഭ്യാസം. ഈ വിദ്യാഭ്യാസ പദ്ധതിയിൽ എന്തു പരിഷ്കരണം വരുത്തിയാലും അതിന്റെ ആത്യന്തിക ഗുണം വമ്പന്മാർക്കു മാത്രമായിരിക്കും. ഇതു തിരിച്ചറിയുന്നതുകൊണ്ടാണ് ബദൽ വിദ്യാഭ്യാസത്തിലേക്ക് ഞങ്ങൾ കടന്നുവരുന്നത്. ബദൽ വിദ്യാഭ്യാസ പരീക്ഷണമാണെന്നറിയാതെ ചെറിയൊരു പ്രതിഷേധമെന്ന മട്ടിൽ പതിയെപ്പതിയെ...

പള്ളിക്കൂടത്തിലെ കാണാപ്പാഠം പഠിത്തത്തിൽനിന്ന് രക്ഷപ്പെടാൻ, ചടുലചലനങ്ങളുടെ കുഞ്ഞുങ്ങളെ പകൽ മുഴുവൻ പള്ളിക്കൂടത്തിലെ ബഞ്ചുകളിൽ ആണിയടിച്ചു വയ്ക്കാതിരിക്കാൻ അവിടത്തെ പീഡനങ്ങളിൽനിന്ന് രക്ഷപ്പെടുത്താൻ അങ്ങനെയായിരുന്നു തുടക്കം. പിന്നീടത് സർഗശേഷികൾ വളർത്താനും ജാതിമതങ്ങൾക്കതീതമായി ചിന്തിക്കുവാനും, മത്സരങ്ങളൊഴിവാക്കി വളർത്താനുമായി വളർന്നുവളർന്ന് ഏതൊരു പ്രതികൂല സാഹചര്യങ്ങളെയും അതിജീവിക്കത്തക്ക കരുത്തു നേടത്തക്കവിധം ഒരു വ്യക്തിയെ വളർത്തിയെടുക്കുന്നതിലേക്കെത്തുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിനായി കൂലിപ്പണിക്കാർ അനുദിനം മുടക്കേണ്ടിവരുന്ന അനാവശ്യ ചെലവുകൾ വരെ ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു.

തീർച്ചയായും തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസച്ചെലവു താങ്ങാനാവാതെ ഓരോ രക്ഷിതാവും നട്ടം തിരിയുകയാണ്. സ്ഥിരവരുമാനമുള്ളവർപോലും നക്ഷത്രമെണ്ണുന്നു. പിന്നെ സ്ഥിരവരുമാനമില്ലാത്ത സാധാരണക്കാരുടെ കാര്യം പറയാനുണ്ടോ?

ഞങ്ങളെന്നും ഗ്രാമങ്ങളിൽ താമസിക്കാനിഷ്ടപ്പെടുന്നു. റോഡരികിൽനിന്നും വളരെയകലെ താമസിക്കുന്നു. അതുകൊണ്ട് ഉൾപ്രദേശങ്ങളിലെ ദുരിതങ്ങൾ ഞങ്ങൾ തൊട്ടറിയുന്നു. മനുഷ്യർ എന്ന നിലയിൽ അവയ്ക്കുനേരെ കണ്ണടയ്ക്കാനാവാതെ വരുന്നു. ഇതിവിടത്തെ സാധാരണക്കാരുടെ അവസ്ഥയാണ്. കഷ്ടപ്പെട്ട് മക്കളെ വിദ്യാഭ്യാസത്തിനു വിട്ടാലും അവരുടെയോ തങ്ങളുടെയോ ഭാവി സുരക്ഷിതമാവുമെന്ന് യാതൊരുറപ്പുമില്ലാത്ത വിദ്യാഭ്യാസം, തന്നെയുമല്ല വിദ്യാഭ്യാസം കഴിഞ്ഞുവന്നാലോ കൃഷിക്കാരന്റെ മക്കൾക്ക് കൃഷിയറിയില്ല, കൈത്തൊഴിലുകാരന്റെ മക്കൾക്ക് അതുമറിയില്ല, വായനാശീലമില്ല, നാട്ടുകാര്യങ്ങൾ നേരിട്ടറിയുന്നില്ല, അതിനുള്ള ആഗ്രഹവുമില്ല. ഏതെങ്കിലുമൊരു നേതാവിനെയോ മനുഷ്യദൈവത്തെയോ തോളിലേറ്റി നടക്കും. അവരാട്ടിത്തെളിക്കുന്ന വഴിയേ ഒരു കഴുത നടക്കുമ്പോലെ നടക്കും. ചില പാർട്ടിക്കാർക്ക് ഡൽഹിയിൽ ഹൈക്കമാൻഡ്. ചില പാർട്ടിക്കാർക്ക് തിരുവനന്തപുരത്ത്. വേറെ ചിലർക്ക് പാലായിൽ, മറ്റു ചിലർക്ക് മലപ്പുറത്ത്. എന്തായാലും ഹൈക്കമാൻഡാണ് ഈ നാട്ടിലെ മുഖ്യമന്ത്രിയെയും മറ്റു മുഖ്യമന്ത്രിമാരെയും നിയമിക്കുന്നത്. ഒരിക്കലും ജനങ്ങളല്ല. ഈ ഏകാധിപത്യത്തിന് നമ്മളിടുന്നപേരാണ് ജനാധിപത്യം! ഇതൊക്കെ ശരിയാണെന്നു പഠിപ്പിച്ചു

വിടുന്ന അദ്ധ്യാപകരും. ഈ അദ്ധ്യാപകർ ഈ ഏകാധിപത്യവാഴ്ചയ്ക്ക് പിന്തുണപ്രഖ്യാപിച്ച് യൂണിയനുണ്ടാക്കി നടക്കുന്നവരുമാണേ.



വിഷം തളിച്ചുണ്ടാക്കുന്ന കൃഷിയുടെ പേര് ശാസ്ത്രീയ കൃഷി. ആ വിഷം ഭക്ഷണത്തിലൂടെ കഴിച്ച് രോഗിയാകുന്ന വരെ ചികിത്സിക്കാൻ ആശുപത്രി ശൃംഖലകൾ.

നമ്മുടെ കുഞ്ഞുങ്ങൾക്ക് അഞ്ചുവയസ്സാകും മുമ്പ് പതിനേഴുപ്രാവശ്യം പ്രതിരോധമരുന്നുകൾ കൊടുക്കണമെന്നാണ് ശാസ്ത്രീയവിധി! ജനിച്ച ഉടൻ തന്നെ ബി.സി.ജി., ഓറൽപോളിയോ, ഹൈപ്പറൈറ്റിസ്-ബി, തൊട്ട് അഞ്ചു വയസാകുമ്പോഴേക്ക് ഓറൽ പോളിയോ ബൂസ്റ്റർഡോസോടുകൂടി പതിനേഴു പ്രാവശ്യം പ്രതിരോധ മരുന്നുകൾ കൊടുക്കുന്നു. ആർക്കുവേണ്ടിയാണീ പ്രതിവിഷങ്ങൾ നമ്മുടെ കുഞ്ഞുങ്ങളുടെ ശരീരത്തിൽ അടിച്ചുകയറ്റുന്നത്? എന്നിട്ട് നമ്മുടെ കുഞ്ഞുങ്ങൾ ആരോഗ്യമുള്ളവരാണോ? ഞങ്ങളുടെ മൂന്നു മക്കൾക്കും ഞങ്ങളീ മരുന്ന് കൊടുത്തിട്ടില്ല. കൊടുക്കുകയുമില്ല.

ഇത്തരം നൂറുനൂറു തട്ടിപ്പുകളാണ് ദിവസവും നമ്മുടെ നാട്ടിൽ നടന്നുവരുന്നത്.

സ്കൂൾ യൂണിഫോമിന്റെ കാര്യമെടുക്കൂ. യൂണിഫോമും വിദ്യാഭ്യാസവും തമ്മിലെന്താണ് ബന്ധം? കുട്ടികളുടെ ഭാവിജീവിതത്തിൽ ഗുണം ചെയ്തേക്കാവുന്ന എന്തെങ്കിലും കാര്യങ്ങൾ യൂണിഫോം ഉപയോഗിക്കുന്നതിലൂടെ ഉണ്ടാവുന്നതായി ആരെങ്കിലും തെളിയിച്ചിട്ടുണ്ടോ? ടെക്സ്റ്റൈൽ കമ്പനിക്കാരും ജൗളിക്കടക്കാരും കുറുക്കുവഴികളിലൂടെ തടിച്ചുകൊഴുക്കുമെന്നല്ലാതെ വിദ്യാഭ്യാസപരമായോ മനഃശാസ്ത്രപരമായോ യാതൊരു ഗുണവും ഈ യൂണിഫോം ഉപയോഗം കൊണ്ടുണ്ടാവുന്നില്ല. പിന്നെ സാധാരണക്കാർ കാണാപ്പാഠം പഠിച്ചു പറഞ്ഞു നടക്കുന്നൊരു പല്ലവിയുണ്ട് - ഐക്യതയും അഖണ്ഡതയും സമഭാവനയും വളർത്തുമെന്ന്. ഇത്തരം യൂണിഫോമിട്ട് പഠിച്ചു ജയിച്ച് ഉദ്യോഗം നേടി വീണ്ടും യൂണിഫോമിട്ട് ഉദ്യോഗം ഭരിക്കുന്ന എത്രയോ പേർ നമ്മുടെ നാട്ടിലുണ്ട്! അവരിലെത്ര പേർക്കുണ്ട് ഈ പറയുന്ന അഖണ്ഡതയും ഐക്യതയും സമഭാവനയും?

പാഠപുസ്തകങ്ങൾ എന്തിനാണ് അച്ചടിച്ചിറക്കുന്നത്. അതിൽപ്പറയുന്ന കാര്യങ്ങൾ അതിലും ഭംഗിയായി പറഞ്ഞുതരാൻ പത്രമാസികകളുണ്ട്. ഇന്റർനെറ്റുണ്ട്. സി.ഡി. റോമുകളുമുണ്ട്. ഏപ്രിൽ മാസത്തിൽ അച്ചടിച്ച പുസ്തകത്തിലെ പുതുപുത്തൻ അറിവുകൾപോലും ജൂൺമാസത്തിൽ സ്കൂൾ തുറക്കുമ്പോഴേക്കും പഴഞ്ചനായിപ്പോയേക്കാം. ശുദ്ധഅസംബന്ധവുമായിത്തീർന്നേക്കാം. അറിവിന്റെ ലോകം അതിവേഗം വളരുന്ന ഇക്കാലത്ത് ശാസ്ത്രസിദ്ധാന്തങ്ങൾ അനുനിമിഷം മാറിമറിഞ്ഞുകൊണ്ടിരിക്കുകയാണ്.

ഇങ്ങനെയിങ്ങനെ ചിന്തിച്ചാൽ നമ്മുടെ കുഞ്ഞുങ്ങളെ ഒരു പഴയ കുറ്റിയിൽത്തളച്ചിടുന്ന ഒത്തിരിയൊത്തിരി കാര്യങ്ങൾ നമ്മുടെ 'ആധുനിക ശാസ്ത്രീയ വിദ്യാഭ്യാസ'ത്തിലുണ്ട്. ഇതൊക്കെത്തന്നെയാണ് ബദൽ വിദ്യാഭ്യാസപരീക്ഷണങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്ന ഘടകങ്ങളും.

മേൽപ്പറഞ്ഞ ന്യൂനതകളില്ലാത്തതും അനുദിനം വളർത്തിയെടുക്കാൻ കുഞ്ഞുങ്ങൾക്കുതന്നെ കഴിയുന്നതുമായൊരു വിദ്യാഭ്യാസ പദ്ധതിയുമാണ് ഇനിയുമുണ്ടാവേണ്ടത്. ഞങ്ങളിതിന്റെ കുത്തകക്കാരല്ല. 'കനവും' അത്തരമൊരു കുത്തക ഏറ്റെടുക്കുമെന്നു തോന്നുന്നില്ല. ഞങ്ങളെ സംബന്ധിച്ച് ഇത്തരത്തിൽ പരീക്ഷിച്ചു വിജയിച്ചൊരു മാതൃക ഞങ്ങളുടെ കൈവശമുണ്ട്. കുഞ്ഞുങ്ങൾക്ക് സ്വയം നിർണ്ണയാവകാശമുള്ളൊരു പാഠ്യപദ്ധതിയായി വളരുന്നതാണത്. തുടക്കത്തിൽ മുതിർന്നവർ സഹായിക്കുകയും ആദ്യഘട്ടം കഴിഞ്ഞാൽ സ്വന്തം പാഠ്യപദ്ധതിയുണ്ടാക്കി മുന്നേറുകയും ചെയ്യുന്നൊരു രീതിയാണത്. ഇത് ഞങ്ങളുടെ രീതി. വിദ്യാഭ്യാസ പരീക്ഷണങ്ങൾ നടത്താൻ മനോബലമുള്ള ആർക്കും ഇതുപോലെ മറ്റൊന്ന് കണ്ടെത്താം. അതുപോലെ നൂറുകണക്കിന് പദ്ധതികളുണ്ടാവട്ടെ. എന്നിട്ട് നമുക്കൊന്നിച്ചൊരു ചർച്ചയ്ക്കിരിക്കാം. അനുഭവങ്ങൾ പങ്കുവെയ്ക്കാം. (ഭാവനകളല്ല പങ്കുവെയ്ക്കേണ്ടത്.) അപ്പോൾ ജനകീയമായൊരു വിദ്യാഭ്യാസ പദ്ധതി ഇവിടെ രൂപപ്പെടും. അന്ന് ഇതിന്റെ 'ബദൽ' എന്ന വിശേഷണം അഴിഞ്ഞുപോവുകയും ചെയ്യും. അതുവരെ അദ്ധ്വാനിക്കാത്ത ബുദ്ധിജീവികൾ നാവടക്കുക, പേന അടയ്ക്കുക. കടലാസിൽ ഇതിന്റെ പേരിൽ കരി പുരട്ടാതിരിക്കുക. സ്വന്തം മുഖത്തും.

നമ്മുടെ നിലവിലുള്ള വിദ്യാഭ്യാസം അടിമുടി വിദേശമാണ്. അത് അവിടത്തെ ആളുകൾ ഇവിടെവന്ന് അവരുടെ ഇവിടത്തെ ആവശ്യങ്ങൾക്കായി രൂപപ്പെടുത്തിയതാണ്. അതിന്റെ ഘടനയും ഉള്ളടക്കവും നടത്തിപ്പു സമ്പ്രദായങ്ങൾപോലും അവരുടേതാണ്. അത് തെറ്റാണെന്ന് ഞങ്ങൾ പറയില്ല. അതിവിടെ ശരിയല്ലെന്നേ പറയുന്നുള്ളൂ. നമ്മുടെ അവസ്ഥക്കും സാഹചര്യങ്ങൾക്കും ഇണങ്ങുന്ന രീതിയിൽ നമ്മൾ തനിയെ ഒരു വിദ്യാഭ്യാസ പദ്ധതി ഉണ്ടാക്കിയെടുത്തേ പറ്റൂ.

*(തുടരും)*

*'സാരംഗ്', വെള്ളാഞ്ചിറ പി.ഒ.,*
*ചാലക്കുടി, തൃശൂർ*